(ബി) 7,80,25,000 രൂപയാണ് റബ്കോയ്ക്ക് സംസ്ഥാന സർക്കാരിന്റെ ഓഹരിയായി ലഭിക്കാൻ അർഹതയുള്ളത്.

(സി&ഡി) സംസ്ഥാന പദ്ധതിയിലും NCDC പദ്ധതിയിലുമായി മൊത്തം 59,70,10,000 രൂപ നൽകിയിട്ടുണ്ട്.

മണൽ വിപണനത്തിനായി സഹകരണ സംഘങ്ങൾ

29 (5434) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മണൽ വിപണനത്തിനായി സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ടോ ;

(ബി) ഗ്രാമപഞ്ചായത്തുകളുടെ അംഗീകൃത കടവുകളിൽ നിന്നും പ്രസ്തുത സംഘങ്ങൾക്ക് മണൽ ലഭ്യമാകാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അംഗീകൃത കടവുകളിൽ നിന്നും മണൽ പ്രസ്തുത സഹകരണ സംഘങ്ങൾക്ക് ലഭ്യമാക്കുന്നതിനും മണൽ വിപണനം പ്രസ്തുത സംഘങ്ങൾ വഴി നടപ്പിലാക്കുന്നതിനുമായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടു എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രവർത്തിക്കുന്നുണ്ട്. കണ്ണൂർ ജില്ലയിൽ കണ്ണൂർ ബിൽഡിംഗ് മെറ്റീരിയൽ (മാർക്കറ്റിംഗ്) സഹകരണ സംഘം ലി.നമ്പർ സി 1741 എന്ന പേരിൽ ഒരു സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്ന കണ്ണൂർ ബിൽഡിംഗ് മെറ്റീരിയൽ (മാർക്കറ്റിംഗ്) സഹകരണ സംഘം ലി. നമ്പർ സി. 1741 ഇപ്പോൾ അംഗീകൃത കടവുകളിൽ നിന്ന് തന്നെയാണ് മണൽ വിപണനം നടത്തി വരുന്നത്.

കോഴിക്കോട് താലൂക്കിലെ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ

30 (5435) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് താലൂക്കിൽ എത്ര ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ ;

(ബി) 2006-ന് ശേഷം ഓരോ സംഘവും പൊതുമരാമത്ത് വകുപ്പിൽ നിന്നും, സഹകാര്യമായും ഏറ്റെടുത്ത് നടത്തിയ പ്രവൃത്തിയുടെ പേര്, അടങ്കൽ തുക, പ്രവൃത്തി ആരംഭിച്ച തീയതി പൂർത്തീകരിച്ച തീയതി എന്നിവ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly